




## ആഡംഭര കാറിൽ കഞ്ചാവ് കടത്ത്, കൊളത്തൂർ സ്വദേശി കൊഴിഞ്ഞാമ്പാറ പോലീസിൻെറ പിടിയിൽ

പാലക്കാട്, വാളയാർ, കൊഴിഞ്ഞാമ്പാറ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ആഡംഭര കാറിൽ സഞ്ചരിച്ച് കഞ്ചാവ് വിൽപ്പന നടത്തിവന്നയാളെ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും കൊഴിഞ്ഞാമ്പാറ പോലീസും ചേർന്ന് പിടികൂടി.

പാലക്കാട് ജില്ലാ പോലീസ് മേധാവി സാബു IPSനു ലഭിച്ച വിവരത്തിൻെറ അടിസ്ഥാനത്തിൽ പാലക്കാട് DySP .G.D. വിജയകുമാർ, നർകോട്ടിക് സെൽ DySP ബാബു.K.തോമസ് എന്നിവരുടെ നേതൃത്വത്തിൽ കൊഴിഞ്ഞാമ്പാറയിൽ നടത്തിയ വാഹന പരിശോധനയിലാണ് മലപ്പുറം, പെരിന്തൽമണ്ണ, കൊളത്തൂർ സ്വദേശി അബ്ദുൾ കരീം, വ ഃ45 പോലിസ് പിടിയിലായത്.



ടിയാൻെറ കാർ പരിശോധിച്ചതിൽ കാറിനകത്ത് സൂക്ഷിച്ചിരുന്ന ഒരു കിലോയിലധികം തൂക്കം വരുന്ന കഞ്ചാവ് പൊതികൾ പോലീസ് കണ്ടെടുത്തു. പാലക്കാട് ടൗണി ൻെറ വിവിധ

ഭാഗങ്ങളിലെ ചായക്കടകൾ, കൂൾ പാർലറുകൾ, കഞ്ചിക്കോട് വ്യാവസായിക മേഖല, കൊഴിഞ്ഞാമ്പാറ എന്നിവ കേന്ദ്രീകരിച്ചാണ് കച്ചവടം നടത്തി വരുന്നത്. ടിയാനെതിരെ അനധികൃതമായി വിദേശമദ്യം വിൽപ്പന നടത്തിയതിന് പാലക്കാട് ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ രണ്ട് കേസ്സുകളും, കോടതി വളപ്പിൽ ജയിൽ തടവുകാർക്ക് കഞ്ചാവ് നൽകിയതുമായി ബന്ധപ്പെട്ട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സും നിലവിലുണ്ട്.

കൊഴിഞ്ഞാമ്പാറ സബ് ഇൻസ്പെക്ടർ P.U. സേതുമാധവൻ, ASI.രാജേഷ്, CPO മാരായ പ്രതാപൻ, സുരേഷ്, ഷമീർ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ S.I. S. ജലീൽ, V. ജയകുമാർ, B. നസീറലി , R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R.രാജീദ്,

S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് വിൽപ്പന പിടികൂടിയത്

........................................................................................................................................

